**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **06-10-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പൊൻവള പഞ്ചായത്തിലെ തെക്കേക്കര കോളനി, ഇരിമ്പിളിയം പഞ്ചായത്തിലെ കൊട്ടുമുടി - പോക്കാട്ടുകുഴി കോളനി, എടയൂർ പഞ്ചായത്തിലെ പൊറ്റെക്കളംപടി കോളനി എന്നിവയുടെ നവീകരണം സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് 09/09/2021 ൽ ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| കോളനി | നിർവ്വഹണ ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|
| തെക്കേക്കര കോളനി, പൊന്മള പഞ്ചായത്ത് | ജില്ലാ നിർമ്മിതി കേന്ദ്രം | ◆ ഡ്രെയിനേജ്, ഇലക്ട്രിഫിക്കേഷൻ, സംരക്ഷണ ഭിത്തി എന്നിവ പൂർത്തീകരിച്ചു.<br>◆ ഇടറോഡുകൾ, നടപ്പാത നിർമ്മാണം, കുടിവെള്ള പദ്ധതി, വീട് റിപ്പയർ എന്നിവ പുരോഗമിക്കുന്നു. കുടിവെള്ള പദ്ധതി (ബോർവെൽ), പമ്പിംഗ് മെയിൻ എന്നിവ പൂർത്തിയായി.<br>◆ ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>◆ വീട് റിപ്പയർ ആകെയുള്ള 38 ൽ 33 ഉം പൂർത്തിയായി. 5 എണ്ണം പുരോഗമിക്കുന്നു.<br>◆ ഇടറോഡുകളിലെ പ്രവൃത്തി ആകെയുള്ള 6 ൽ 5 ഉം പൂർത്തിയായി. ഒരു എണ്ണം പുരോഗതിയിലാണ്. |
| ചൊക്കാട്ടുകുഴി പട്ടികജാതി കോളനി, ഇരിമ്പിളിയം പഞ്ചായത്ത് | ജില്ലാ നിർമ്മിതി കേന്ദ്രം | ◆ ഇടറോഡ്, നടപ്പാത നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. ആകെയുള്ള 5 ൽ 3 എണ്ണത്തിന്റെയും ഫോർമേഷൻ കഴിഞ്ഞു. കോൺക്രീറ്റ് വർക്ക് അടുത്ത ആഴ്ച ഉണ്ടാകുമെന്ന് അറിയിച്ചിട്ടുണ്ട്.<br>◆ കുടിവെള്ള പദ്ധതി ടെണ്ടർ നടപടികൾ പൂർത്തിയായി. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. |
| പൊറ്റേക്കളംപടി കോളനി, എടയൂർ പഞ്ചായത്ത് | ജില്ലാ നിർമ്മിതി കേന്ദ്രം | ◆ ഇടറോഡ് നടപ്പാത നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം, കോളനി പ്രവേശന കവാടം, കുടിവെള്ള പദ്ധതി, വീട് റിപ്പയർ (44) എണ്ണം പൂർത്തീകരിച്ചു.<br>◆ ഡ്രെയിനേജ് പ്രവൃത്തി അവസാനഘട്ടത്തിലാണ്. 10 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്<br>◆ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**